പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 708

07.01.2014 ൽ
മറുപടിയ്ക്ക്

കോഴിക്കോട് സൈബർ പാർക്ക് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ : | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| എ) | കോഴിക്കോട് സർക്കാർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ: | എ) | കോഴിക്കോട് സൈബർപാർക്കിന്റെ പ്രോജക്ട് ഓഫീസും സ്റ്റാർട്ട് ബിസിനസ്സ് സെന്ററും അടങ്ങിയ കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഇവിടെ ഫെബ്രുവരി 15-ാം തീയതിയോടെ കെ.എസ്.ഇ.ബി. വൈദ്യുതി ലഭ്യമാക്കുന്നതാണ്. തുടർന്ന് ഐ.ടി. സംരംഭകർക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ചുറ്റുമതിൽ, കേബിൾ ട്രഞ്ച് തുടങ്ങിയവയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ പൈലിംഗ് പൂർത്തീകരിച്ചുവരുന്നു. |
| ബി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്ന് പറയാമോ? | ബി) | സൈബർപാർക്കിന്റെ പ്രോജക്ട് ഓഫീസ് ആന്റ് സ്റ്റാർട്ട് ബിസിനസ് സെന്ററിൽ മൂന്ന് ചെറുകിട ഐ.ടി. സംരംഭകർ 2014 ഫെബ്രുവരി 15 നകം പ്രവർത്തനക്ഷമമാകും. 2.88 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിൽ 2015 ആഗസ്റ്റ് മാസത്തോടെ ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭകർക്ക് പ്രവർത്തനം ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ